# THE PLANTATION CORPORATION OF KERALA LTD

(An ISO 9001:2015 Certified Company under Government of Kerala)
**Registered Office: KOTTAYAM-686 004**
CIN:U01119KL1962SGC001997

☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com


PRO/F-11/4586 16.01.2026

## ദർഘാസ്സ് നോട്ടീസ്

## ഓയിൽ പാം റീപ്ലാന്റിംഗ്- ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ മുഖേന

പ്ലാന്റേഷൻ കോർപ്പറേഷന്റെ ഓയിൽ പാം എസ്റ്റേറ്റിൽ 2026-ൽ ഓയിൽ പാം റീ-പ്ലാന്റിംഗ് ചെയ്യാനുദ്ദേശിക്കുന്ന ഏരിയയിൽ മുന്നൊരുക്ക പ്രവർത്തികൾ നടത്തി, കോർപ്പറേഷൻ നൽകുന്ന തൈകൾ ICAR-INDIAN INSTITUTE OF OIL PALM RESEARCH അനുശാസിക്കുന്ന രീതിയിൽ നട്ടുതരുന്നതിനും, 42 മാസം സ്വന്തം ചിലവിൽ പൈനാപ്പിൾ ഇടവിളയായി കൃഷി ചെയ്ത് അംശാദായം കോർപ്പറേഷന് നൽകിക്കൊണ്ട്, നട്ട ഓയിൽ പാം തൈകൾക്ക് 3 വർഷക്കാലത്തേക്ക് പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയവ ക്രേതാവ് സ്വന്തം നിലയിൽ നടത്തി ഓയിൽ പാം തൈകൾ സംരക്ഷിച്ചുതരുന്നതിനുള്ള താൽപര്യപത്രം ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

| ക്രമ . നം. | എസ്റ്റേറ്റ്, ജില്ല | ഡിവിഷൻ | ബ്ലോക്ക് | ഏരിയയുടെ വിസ്തീർണം ഹെക്ടറിൽ (ഉദ്ദേശം) |
|---|---|---|---|---|
| 1. | Oil Palm, Thrissur | B | I | 50.00 |
| 2. | | B | II | 50.00 |
| 3. | | B | III | 50.00 |
| 4. | | B | IV | 50.00 |
| 5. | | B | V | 50.00 |

### ബാധകമായ നിബന്ധനകൾ

1. പ്രതിഫലമായി ക്രേതാവിന് നൽകുന്നത് നിർദിഷ്ട റീപ്ലാന്റിംഗ് ബ്ലോക്കുകളിൽ ക്രേതാവ് കൃഷി ചെയ്തിട്ടുള്ള ഇടവിളയിൽ നിന്നുള്ള ആദായം വിൽപന നടത്തുന്നതിനുള്ള അവകാശമാണ്. ഇപ്രകാരം ഹെക്ടർ ഒന്നിന് അംശാദായമായി (ടി-ഏരിയയിലെ തൈകളുടെ തുടർവർഷങ്ങളിലെ പരിപാലത്തിനായി) ക്രേതാവ് കോർപറേഷന് നൽകാൻ തയാറുള്ള മൂന്ന് വർഷത്തെ മൊത്തമായ തുകയാണ് (ടാക്സ് ഒഴികെ) ഇ-ദർഘാസ്/ദർഘാസിൽ രേഖപ്പെടുത്തേണ്ടത്. **രണ്ടു ദർഘാസിലും കൂടി ലഭിച്ച ഏറ്റവും കൂടിയ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.**
2. കരാർ കാലാവധി, എഗ്രിമെന്റ് വച്ചതിനുശേഷം കോർപ്പറേഷൻ ഏരിയ കരാറുകാരനെ ഏൽപ്പിക്കുന്ന ദിവസം മുതൽ 42 മാസം (കലണ്ടർ മാസം) ആയിരിക്കും. അതിൽ അവസാന 6 മാസം ഇടവിളയായികൃഷി ചെയ്ത വിളകളുടെ അവശിഷ്ടങ്ങൾ ഓയിൽ പാം തൈകൾക്ക് തടസ്സമില്ലാത്ത വിധത്തിൽ നീക്കം ചെയ്യാനുള്ള കാലയളവാണ്.
3. ഇടവിളയായി നടുന്നതിനുള്ള പൈനാപ്പിൾ തൈകൾ ക്രേതാവ് സ്വന്തം ചെലവിൽ വാങ്ങി, ഏരിയയിൽ എത്തിച്ചു നടേണ്ടതാണ്.

4. ഓരോ ഓയിൽ പാം തൈകൾക്കും 1.5 മീറ്റർ ചുറ്റളവിലും, കയ്യാലക്ക ചേർന്നുള്ള ഭാഗത്ത് ഒന്നര അടി വീതിയിലും, ടെറസ്സ് പൂർണ്ണമായും, എസ്റ്റേറ്റ് റോഡുകളും കൈവഴികളും ഒഴിച്ചിട്ട് ബാക്കിയുള്ള സ്ഥലംമാത്രമേ ഇടവിള കൃഷിക്കായി ഉപയോഗിക്കാൻ പാടുള്ളൂ.
5. ഇ-ടെണ്ടറും സീൽഡ് ടെണ്ടറും 29.01.2026, 5.00 പി.എം. വരെ സമർപ്പിക്കാവുന്നതാണ്. മുദ്ര വെച്ച ദർഘാസുകൾ ഓയിൽ പാം എസ്റ്റേറ്റിൽ 29.01.2026, 5.00 പി.എം. വരെ സ്വീകരിക്കുന്നതും 31.01.2026, 12.00 പി.എം.-ന് PCK ഹെഡ് ഓഫീസിൽ വച്ച് ആ സമയത്ത് ഹാജരായിട്ടുള്ള കരാറുകാരുടെയോ അവരുടെയോ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് 31.01.2026, 2.00 PM–ന് ശേഷംതാഴെ കാണിച്ചിരിക്കുന്ന സമയപ്രകാരം ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. ഇ-ദർഘാസ് / മുദ്രവച്ച ദർഘാസ് എന്നിവയിൽ നിന്നും ഏറ്റവും കൂടിയ തുകയാണ് ഇ-ഓക്ഷൻ തുടങ്ങുന്നതിനുള്ള അടിസ്ഥാന വിലയായി നൽകുന്നതും ആയതിൽ നിന്നും ഇ-ഓക്ഷൻ ആരംഭിക്കുന്നതുമാകുന്നു. ശേഷം **ഇ-ടെൻഡർ-കം-ഓക്ഷൻ /സീൽഡ് ടെൻഡർ എന്നിവയിൽ ലഭിക്കുന്നതായ തുകകളിൽ ഏതാണോ കൂടുതൽ അതായിരിക്കും ടെൻഡർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക.** ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവൃത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30 ന് ഇ-ഓക്ഷൻ കഴിഞ്ഞുള്ള ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.
6. **മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസുകൾ നടത്തപ്പെടുന്ന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു.**

| **മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാനുള്ള സ്ഥലവും സമയവും** | **ഇ – ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന സമയം** | **മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും** | **ഇ –ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും സ്ഥലവും** | **ഇ-ഓക്ഷൻ തുടങ്ങുന്ന സമയം** |
|---|---|---|---|---|
| ഓയിൽ പാം എസ്റ്റേറ്റ് ഓഫീസ്, വെറ്റിലപ്പാറ പി ഒ , ചാലക്കുടി, തൃശ്ശൂർ<br><br>29.01.2026, 5.00 പി.എം. | 29.01.2026, 5.00 പി.എം. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം<br><br>31.01.2026, 12.00 പി.എം. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം<br><br>31.01.2026 10.00 AM | 31.01.2026 2.00 PM to 2.45 PM |

7. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.
8. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ (പി.സി.കെ. ലിമിറ്റഡ്) നിക്ഷിപ്തമായിരിക്കും. അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ

മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കൂടിയ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.

9. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| ഉദ്യോഗസ്ഥന്റെ പേര് | തസ്തിക | യൂണിറ്റ് | മൊബൈൽ/ലാൻഡ് നമ്പർ |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 9447142369, 7593938769, 0481-2578301-04 |
| ശ്രീ.പോൾ സി. റോബി | മാനേജർ | ഓയിൽ പാം എസ്റ്റേറ്റ് | 9496076047 9188074691 |

10. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.
11. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118/- രൂപയും, നിരതദ്രവ്യം ബ്ലോക്ക് ഒന്നിന് 5,000/-(അയ്യായിരം) രൂപയുമാണ്.
12. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക. ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന നമ്പരുകളിലേക്ക് വിളിക്കാവുന്നതാണ്.
പി.സി.കെ.-Ph. 7593938769, 0481-2578301-04, 9048614891. E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.comfor assistance in this regard.
13. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK, ബാങ്ക്: CANARA BANK, ശാഖ: KANJIKUZHY, അക്കൗണ്ട് നമ്പർ: 2964201000003, IFSC CODE: CNRB0002964))RTGS/ NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ്സ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷന്റെ ഒറിജിനൽ, പാൻ കാർഡ്, ആധാർകാർഡ് എന്നിവയുടെ കോപ്പികളും ടെൻഡർ തുറക്കുന്ന ദിവസം (തീയതി-31.01.2026) 10.00 A.M. മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് കോട്ടയത്ത് മുദ്രവെച്ച കവറിൽ കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ " ഓയിൽ പാം റീപ്ലാന്റിംഗ് – ദർഘാസ് രേഖകൾ" എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ,

എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ലഭിച്ചിരിക്കേണ്ടതാണ്.

14. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, ഓയിൽ പാം എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ സമർപ്പിക്കേണ്ട അവസാന സമയത്തിനു മുൻപായി വാങ്ങേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5000 രൂപ ഓയിൽ പാം എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി.ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ സമർപ്പിക്കുന്നതിന് മുൻപായി അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ **ഓയിൽ പാം എസ്റ്റേറ്റിൽ** ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ ഫോറത്തിനൊപ്പം, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, ടെൻഡർ വ്യവസ്ഥ കളുടെ എല്ലാ പേജുകളിലും ഒപ്പിട്ട് ദർഘാസിനൊപ്പം ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പികൾ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ " ഓയിൽ പാം റീപ്ലാന്റിംഗ് – ദർഘാസ് രേഖകൾ" എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ദർഘാസുകൾ ഓയിൽ പാം എസ്റ്റേറ്റ് ഓഫീസിൽ ടെണ്ടർ സമർപ്പിക്കേണ്ട അവസാന സമയത്തിന് മുൻപുതന്നെ നല്കിയിരിക്കേണ്ടതാണ്. **മുദ്ര വെച്ച ദർഘാസുകൾ ഹെഡ് ഓഫീസിൽ വച്ച് 31.01.2026, 12.00 പി.എം. ന് തുറക്കുന്നതായിരിക്കും.**
15. ഇ-ദർഘാസിലൂടെയോ, സീൽഡ് ദർഘാസിലൂടെയോ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
16. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
17. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും പിസികെ-യുടെ മുൻകൂർ അനുമതി കൂടാതെ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
18. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം അതേ ദിവസം തന്നെ നടത്തുന്നതായിരിക്കും.
19. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
20. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
21. ക്രേതാവ് നിയമപരമായ നികുതികൾ അടക്കാൻ ബാദ്ധ്യസ്ഥനാണ്. കൂടാതെ, കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ്ണ ഉത്തരവാദിത്വത്തിലും, ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായിക്കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിന്റെ തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് വിഹിതം അടക്കുന്നത് ഉൾപ്പടെയുള്ള ബാധ്യതകൾ തുടങ്ങിയവ).
22. ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ട തുക യഥാസമയം അടയ്ക്കുന്നതിന് വീഴ്ച്ച വരുത്തിയാൽ, അടക്കേണ്ട തുകയും, അടക്കേണ്ട തുകയ്ക്ക് ആഴ്ച്ച ഒന്നിന് 1/2 % എന്ന നിരക്കിൽ പിഴപ്പലിശയും സഹിതം അടച്ചുതീർക്കുന്നതിനു പരമാവധി 15 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും തുക അടച്ചു തീർക്കാത്ത പക്ഷം കരാർ ഉടമ്പടി റദ്ദു ചെയ്യുന്നതും, ജാമ്യ നിക്ഷേപ തുക കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും ആയിരിക്കും. കൂടാതെ ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ, ആവശ്യമെങ്കിൽ കരാർ പ്രവൃത്തികൾ

പുന:ക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. കൂടാതെ ക്രേതാവിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതുൾപ്പെടെയുള്ള നിയമനടപടികളും സ്വീകരിക്കുന്നതായിരിക്കും.

23. ടെണ്ടർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ് താഴെപറയും പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി കെട്ടി വയ്ക്കേണ്ടതും, 200 രൂപ മുദ്രപത്രത്തിൽ എഗ്രിമെൻറ് വെക്കേണ്ടതുമാണ്.
    a.30 ഹെക്ടർ വരെയുള്ള ഏരിയയ്ക്ക് അടങ്കൽതുക 1,00,000 രൂപ
    b.30 ഹെക്ടറിൽ കൂടുതലുള്ള ഏരിയയ്ക്ക്, ഒരു ഹെക്ടറിന് 3,000 രൂപ നിരക്കിൽ (കുറഞ്ഞത് 1,00,000 രൂപ; പരമാവധി 3,00,000 രൂപ)
24. സെക്യൂരിറ്റി ഡെപ്പോസിറ്റ് ടെണ്ടർ കാലാവധി പൂർത്തിയാക്കി ജോലികൾ തൃപ്തികരമായി തീർത്തതിനുശേഷം ഒരു മാസത്തിനുള്ളിൽ പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.
25. റീപ്ലാന്റിംഗ് ഏരിയയിൽ നിലവിലുള്ളതായ ഓയിൽ പാം മരങ്ങളും, കാട് പൂർണ്ണമായും (റോഡ്, ഇടവഴികൾ, പാച്ചസ് ഉൾപ്പെടെ) വെട്ടിക്കൂട്ടി ഒരു ഭാഗത്തേക്ക് കൂട്ടി വച്ച് ഏരിയ വൃത്തിയാക്കി തരേ താണ്.
26. കോർപ്പറേഷൻ അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന വരിയിലൂടെയും, അകലത്തിലും, വീതിയിലും ആയിരിക്കണം ഓരോ ടെറസ്സും നിർമ്മിക്കേ ത്. ടെറസ്സ് വെട്ടുന്നതിനായി അടയാളം ചെയ്യുന്ന ഭാഗത്ത് കാണപ്പെടുന്ന മരക്കുറ്റികളും, കല്ലുകളും പൂർണ്ണമായി പിഴുതു മാറ്റി നടീലിന് തടസമില്ലാത്ത വിധം ഒതുക്കിയിടേ താണ്. ഡിവിഷൻ അധികാരികൾ തൈകൾ വയ്ക്കേണ്ട സ്ഥലങ്ങൾ അടയാളപ്പെടുത്തിതരുന്നതും, പ്രസ്തുത സ്ഥലത്ത് നിർദ്ദേശിക്കുന്ന അളവിൽ ടെറസ്സും (3 മീറ്റർ വീതിയും, 3 മീറ്റർ നീളവും, 15 ഡിഗ്രി മുൻചെരുവം ഉണ്ടായിരിക്കണം), കുഴിയുമെടുത്ത് (80X80X80 സെ.മീ. നീളം, വീതി, ആഴത്തിൽ) welded mesh കവചം ചുറ്റിയതിനുശേഷം ഡിവിഷൻ അധികാരികളുടെ നിർദ്ദേശാനുസ്സരണം, തൈകൾ നട്ടുതരേണ്ടതുമാണ്.
27. ഭൂമിയുടെ കിടപ്പ് അനുസരിച്ച് ഡിവിഷൻ അധികാരി നിർദ്ദേശിക്കും പ്രകാരം സിംഗിൾ ടെറസ്സ് ആയിരിക്കണം നിർമ്മിക്കേ ത്.
28. ടെറസ്സിന്റെ മുൻഭാഗത്തുള്ള കട്ടിംഗ് സൈഡ് വൃത്തിയായും തൂക്കായും അരിഞ്ഞുമാറ്റേ താണ്. പൂർത്തിയായ ടെറസ്സുകൾ എല്ലായിടത്തും ഒരേ നിരപ്പിലായിരിക്കണം.
29. ടെറസ്സുകൾ നിർബന്ധമായും ട്രാക്ക്ഡ് എസ്ക്കവേറ്റർ ഉപയോഗിച്ചു തന്നെ വെട്ടേ താണ്.
30. നടുവാനുള്ള ഓയിൽപാം തൈകളും, welded mesh-ഉം കോർപ്പറേഷൻ മെയ്-ജൂൺ മാസങ്ങളിൽ നൽകുന്നതായിരിക്കും. ആയത് ക്രേതാവ് എണ്ണി എടുത്ത് ഏരിയയിൽ എത്തിച്ച്, 2026 ജൂലൈ 31-ന് മുൻപായി ICAR-INDIAN INSTITUTE OF OIL PALM RESEARCH അനുശാസിക്കുന്ന രീതിയിൽ തൈകൾ മുഴുവനും നട്ടു തരേണ്ടതും, ഇടവിള കൃഷിയും തൈപരിപാലനവും നടത്തേണ്ടതുമാണ്.
31. തൈകളുടെ ട്രാൻസ്പോട്ടിംഗ് സമയത്തോ, കയറ്റി ഇറക്കുന്ന അവസരത്തിലോ കൂടയിലെ മണ്ണ് പൊടിയാനോ, യാതൊരുവിധ കേടുപാടുകൾ ഉ ാകുവാനോ പാടുള്ളതല്ല. അപ്രകാരം കേടുപാടുകൾ വന്ന് നശിക്കുന്ന തൈകൾക്ക് ഒരു തൈക്ക് 250 രൂപ വീതം പിഴ ഈടാക്കുന്നതാണ്.
32. ഇപ്രകാരം കുഴികളുടെ അടുത്ത് തൈകൾ ഇറക്കി, കൂട തൈകളുടെ കൂടകൾ പൊളിച്ചു കളഞ്ഞ് ഓയിൽ പാം പ്ലാന്റിംഗിൽ നിഷ്ക്കർഷിക്കും പ്രകാരം കോർപ്പറേഷൻ നൽകുന്ന welded മെഷ് കവചമായി ചുറ്റേ താണ്.

33. ഇപ്രകാരം welded മെഷ് കവചം ചുറ്റിയതിനുശേഷം മാത്രം എണ്ണപ്പന തൈകൾ ഡിവിഷനിലെ ഉദ്യോഗസ്ഥർ നിർദേശിക്കുന്ന കുഴികളിൽ ഡിവിഷനിലെ ഉദ്യോഗസ്ഥർ നിർദേശിക്കുന്ന പ്രകാരം കുഴിച്ചുവെയ്ക്കേ□ താണ്.
34. ഇപ്രകാരം കുഴിച്ചു വെയ്ക്കുമ്പോൾ welded മെഷ് കവചം ചുറ്റിയ ഭാഗം ഉൾപ്പെടെയുള്ള ഭാഗം പൂർണ്ണമായും മണ്ണിൽ താഴ്ന്നിരിക്കേ□ തും, എന്നാൽ ഉപരിതലത്തിൽ നിന്നും കൂടുതൽ താഴാത്ത വിധത്തിൽ ശ്രദ്ധിക്കേ□ തുമാണ്.
35. ഒരു ഹെക്ടർ സ്ഥലത്തു പരമാവധി 143 എണ്ണം എന്ന കണക്കിൽ ഓയിൽ പാം തൈകൾ നടേണ്ടതാണ്. ഓയിൽ പാമിന് ഇടവിളയായി പൈനാപ്പിൾ കൃഷി ചെയ്തിട്ടുള്ള മൊത്തം ഏരിയക്കാണ് (സർവ്വേ പ്രകാരം) കരാർ പ്രകാരമുള്ള തുക ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ടത്.
36. കോർപ്പറേഷൻ നിഷ്കർഷിക്കുന്ന നിശ്ചിത അകലത്തിലും, മറ്റ് അഗ്രോ-മാനേജ്മന്റ് സമ്പ്രദായങ്ങൾ (പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ തുടങ്ങിയവ) യഥാസമയം ക്രേതാവിന്റെ സ്വന്തം ചെലവിൽ നിർവഹിക്കേണ്ടതാണ്. കീടനാശിനികളും മറ്റും ഏരിയയിൽ ഉപയോഗിക്കുമ്പോൾ കൃഷിവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് .
37. ഓയിൽപാമിന് ഇടവിളയായി പൈനാപ്പിൾകൃഷി ചെയ്തിട്ടുള്ള മൊത്തം ഏരിയക്കാണ് (സർവ്വേ പ്രകാരം) കരാർ പ്രകാരമുള്ള തുക ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ടത് .
38. കരാർ പ്രകാരം ക്രേതാവ് കോർപ്പറേഷന് നൽകാനുള്ളതായ തുക നൽകാനുള്ള ഷെഡ്യൂൾ, കരാർ ഉറപ്പിക്കാനായി തെരെഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി/സ്ഥാപനവുമായി കൂടിയാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും.
39. കരാർ കാലയളവിൽ ഓരോ വർഷവും മാർച്ച് മാസം 31-)0 തിയതിക്ക് മുമ്പായി മാനേജിംഗ് ഡയറക്ടർ/എസ്റ്റേറ്റ് മാനേജർ ചുമതലപ്പെടുത്തുന്ന കമ്മിറ്റയെ തൈകൾ എണ്ണിത്തിട്ടപ്പെടുത്തി ബോധ്യപ്പെടുത്തേണ്ടതാണ്.
40. ആദ്യവർഷവും, രണ്ടാം വർഷവും എണ്ണപ്പന തൈകൾ നഷ്ടപ്പെട്ടാൽ അത്രയും എണ്ണം തൈകൾ കരാറുകാരൻ, കോർപ്പറേഷൻ നിർദ്ദേശിക്കുന്ന നഴ്സറിയിൽ നിന്ന് കോർപ്പറേഷൻ നിർദ്ദേശിക്കുന്ന ഇനം തൈകൾ സ്വന്തം ചെലവിൽ വാങ്ങി പൂർണ്ണമായും നട്ടു തരേണ്ടതാണ്. കൂടാതെ രണ്ടാം വർഷം 10 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ, അധികമായി നഷ്ട്ടപ്പെടുന്ന തൈ ഒന്നിന് 2500/- രൂപ വീതം നഷ്ടം ഈടാക്കുന്നതുമാണ്. മൂന്നാം വർഷം കരാർ കാലാവധി തീർത്ത് പിരിയുന്നതിന് മുൻപായി 15 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ അധികമായി നഷ്ട്ടപ്പെടുന്ന തൈ ഒന്നിന് 5000/- രൂപ വീതവും കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കുന്നതായിരിക്കും.
41. ഇടവിളയായി നടുന്നതിനുള്ള പൈനാപ്പിൾ തൈകൾ ക്രേതാവ് സ്വന്തം ചെലവിൽ വാങ്ങി, ഏരിയയിൽ എത്തിച്ച നടേണ്ടതാണ്.
42. ഓരോ ഓയിൽപാം തൈകൾക്കും 1.5 മീറ്റർ ചുറ്റളവിലും, കയ്യാലക്ക ചേർന്നുള്ള ഭാഗത്ത് ഒന്നര അടി വീതിയിലും, ടെറസ്സ് പൂർണ്ണമായും, എസ്റ്റേറ്റ് റോഡുകളും കൈവഴികളും ഒഴിച്ചിട്ട് ബാക്കിയുള്ള സ്ഥലംമാത്രമേ പൈനാപ്പിൾ കൃഷിക്കായി ഉപയോഗിക്കാൻ പാടുള്ളൂ.
43. ഇടവിളകൃഷിക്കായി ഏരിയയിൽ ഉപയോഗിക്കുന്ന രാസവസ്തുക്കൾ കൃഷി വകുപ്പിന്റെ അംഗീകാരമുള്ളതും യാതൊരുവിധത്തിലും കോർപ്പറേഷന്റെ തൈകൾകളുടെ സ്വാഭാവിക വളർച്ചയെ തടസ്സപ്പെടുത്തുന്നതുമാകാൻ പാടില്ല.

44. കരാർ പ്രകാരം ചെയ്യേണ്ട എല്ലാ കാർഷിക പ്രവർത്തികളും, കൃത്യസമയത്ത് ചെയ്ത് മാനേജരെ ബോധ്യപ്പെടുത്തേണ്ടുന്ന ചുമതല ക്രേതാവിൽ നിക്ഷിപ്തമാണ്.
45. വന്യമൃഗങ്ങളിൽ നിന്നും റീ-പ്ലാന്റിങ് ഏരിയ സംരക്ഷിക്കുന്നതിനായി ഫലപ്രദമായ സൌരോർജ്ജ വേലി റീ-പ്ലാന്റിങ് ഏരിയയ്ക്ക് ചുറ്റും ക്രേതാവ് സ്വന്തം ചെലവിൽ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. വന്യമൃഗങ്ങൾ തോട്ടത്തിൽ പ്രവേശിക്കാതെ മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തേണ്ട ഉത്തരവാദിത്വവും, സൗരോർജ്ജവേലിയുടെ പരിപാലനവും തോട്ടം പരിപാലനം ഏറ്റെടുക്കുന്ന ക്രേതാവിൽ നിക്ഷിപ്തമായിരിക്കും. കരാർ കാലാവധി കഴിയുമ്പോൾ ഓരോ ബ്ലോക്കിലും നിർമ്മിച്ചിരിക്കുന്ന സൌരോർജ്ജവേലിയുടെയും, അനുബന്ധ ഉപകരണങ്ങളുടെയും, അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.
46. സർക്കാരിന്റേയോ കോടതി നിയമസംവിധാനങ്ങളുടേയോ അടിസ്ഥാനത്തിൽ കരാറുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപെടുത്തുന്നതുമൂലം ക്രേതാവിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ ആയതിനു കോർപറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല .
47. പ്രകൃതിക്ഷോഭം, സംക്രമികരോഗങ്ങൾ, പേമാരി, വരൾച്ച, വന്യമൃഗാക്രമണം തീപിടുത്തം,വെള്ളപൊക്കം ക്രേതാവിന്റേയോ കോർപറേഷന്റെയോ തൊഴിലാളികളുടെ സമരം മുതലായവ മൂലം ക്രേതാവിനോ ടിയാന്റെ തൊഴിലാളികൾക്കോ ഉണ്ടാവുന്ന യാതൊരുവിധ കഷ്ടനഷ്ടങ്ങൾക്കും കോർപറേഷൻ ഉത്തരവാദിയായിരിക്കുന്നതോ, നഷ്ടപരിഹാരം നല്കുന്നതോ അല്ല.
48. ക്രേതാവ് സ്വന്തം ചിലവിൽ സൌരോർജ്ജവേലി യഥാസമയങ്ങളിൽ അറ്റകുറ്റപണികൾ നടത്തേണ്ടതും, കരാർ കാലാവധി അവസാനിക്കുമ്പോൾ പ്രവർത്തനക്ഷമമായ അവസ്ഥയിൽ കോർപ്പറേഷനെ ഏൽപ്പിക്കേണ്ടതുമാണ്.
49. ക്രേതാവിൽ നിന്നോ, ജോലിക്കാരിൽ നിന്നോ, കോർപ്പറേഷനോ, കോർപ്പറേഷന്റെ മുതലുകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ, കോർപ്പറേഷൻ നിശ്ചയിക്കും പ്രകാരമുള്ള നഷ്ടപരിഹാരം ക്രേതാവ് ഉടൻ തന്നെ അടയ്ക്കേണ്ടതാണ്.
50. കരാർ കാലയളവിൽ, ക്രേതാവോ ടി-യാന്റെ ജോലിക്കാരോ എസ്റ്റേറ്റിനുള്ളിലോ പരിസരങ്ങളിലോ വന്യമൃഗങ്ങളെ വേട്ടയാടുകയോ ആയതിനു സഹായിക്കുകയോ മറ്റെന്തെങ്കിലും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ ഏർപ്പെടുകയോ സഹായിക്കുകയോ ചെയ്യാൻ പാടില്ല. വിപരീതമായി പ്രർത്തിച്ചാൽ കരാർ റദ്ദുചെയ്യുന്നതും, സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും.

Sd/-

**മാനേജിംഗ് ഡയറക്ടർ**

**<u>പ്രഖ്യാപനം/സമ്മതപത്രം</u>: ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ചു മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു.**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലേജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | |
| b. | ടിയാന്റെ വയസ്സ് | |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | |

| | | |
|---|---|---|
| d | മൊബൈൽ നമ്പർ | |
| e. | അച്ഛന്റെ പേര് | |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി: